"ഭരണഭാഷ - മാതൃഭാഷ"

നമ്പർ.എസ്.4/104629/MNS /2016-17/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33
തിയതി: 0312.2016

## വിജ്ഞാപനം

എസ്.എസ്.എൽ.സി/ഹയർ സെക്കൻഡറി അഥവാ തത്തുല്യ പരീക്ഷയിൽ (സംസ്ഥാന സിലബസിൽ) പഠിച്ച് ജയിച്ചവരും HSC, VHSC / Degree (Arts & Science Colleges Only) എന്നിവയിൽ ഏതിലെങ്കിലും (സർക്കാർ) എയിഡഡ് സ്ഥാപനങ്ങളിൽ തുടർന്നു പഠിക്കുന്നവരുമായ പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്രരേഖക്ക് താഴെവരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയവരുമായ വിദ്യാർത്ഥിനികളിൽനിന്നും മുസ്ലിംനാടാർ ഗേൾസ് സ്കോളർഷിപ്പിന് പുതിയത് / പുതുക്കൽ അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in – ൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 20.12.2016 തിയതി വരെ ഓൺലൈനായി സമർപ്പിക്കാം.

1) യോഗ്യതകൾ

- എസ്.എസ്.എൽ.സി (SSLC) / ഹയർ സെക്കൻഡറി തത്തുല്യ പരീക്ഷയോ പാസായിരിക്കണം.
- അപേക്ഷകർ 2016-17 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ കേരളത്തിലെ സർക്കാർ / സർക്കാർ അംഗികൃത സ്കൂളുകളിലോ കോളേജുകളിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.

2) സ്കോളർഷിപ്പ് തുക

VHSC/HSC/Degree എന്നി തലങ്ങളിലുള്ളവർക്ക് പ്രതിവർഷം 125/- രൂപയാണ് സ്കോളർഷിപ്പ് തുക.

(3) വരുമാനപരിധി

രൂപ 18000/- (പ്രതി വർഷം)

(4) ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ

- അപേക്ഷകർക്ക് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ, SBI, Federal Bank, South Indian Bank, എന്നിവയിൽ ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ EID നമ്പർ നൽകിയാലും മതിയാകും.(Enrolment ID)
- മറ്റ് ഏതെങ്കിലും സ്കോളർഷിപ്പോ/ഫിസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- വിദ്യാർത്ഥിനി കേരളത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം.

## (5) അപേക്ഷിക്കേണ്ട രീതി

**(എ) പുതിയ അപേക്ഷകൾഓൺലൈനായി സമർപ്പിക്കാവുന്നതാണ്.**

- ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- Apply online-ൽ ക്ലിക്ക് ചെയ്യുക
- മറ്റു സ്കോളർഷിപ്പിനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ രജിസ്ട്രേഷൻ ID നൽകി candidate login ചെയ്യുക.
- അല്ലെങ്കിൽ New registration – ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.
- സ്കോളർഷിപ്പ് പേജിൽ MNS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.
- കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.
- നൽകിയ വിവരങ്ങള് ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

**(ബി) പുതുക്കൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.**

- ഇതിനായി www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Muslim Nadar Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- തുടർന്ന് വലതു ഭാഗത്തെ Renewal Button ൽ ക്ലിക്ക് ചെയ്യുക. തുടർന്ന് Institution Selection ചെയ്യുക.
- ഇപ്പോൾ പഠിക്കുന്ന കോഴ്സിൽ ചേർന്ന വർഷവും വിദ്യാർത്ഥിയുടെ പേരും select ചെയ്യുക.
- Renewal ID Enter ചെയ്യുക (Renewal ID ആവശ്യമെങ്കിൽ Institution നെ ബന്ധപ്പെടുക)
- തുടർന്ന് submit ക്ലിക്ക് ചെയ്യുക.

  - Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.
  - രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥിനി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.
  - വിദ്യാർത്ഥിനി സമർപ്പിക്കുന്ന രേഖകളും, ഫോമിന്റെ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.(വെരിഫിക്കേഷൻ).
  - സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി (പ്രിൻസിപ്പാളോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈന് വഴി അംഗീകരിച്ചിരിക്കണം.(അപ്രൂവൽ)
  - അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

**(6) സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ**

- അപേക്ഷകന്റെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് SSLC മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
- അപേക്ഷകയുടെ സ്വന്തം പേരിലുള്ള ബാങ്ക്പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബാങ്കിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം)
- വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ)
- ദാരിദ്രരേഖക്ക് താഴെ ഉള്ളവർ ബി.പി.എൽ. സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ദാരിദ്യരേഖക്ക് താഴെയുള്ള മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക് മാത്രം.
- പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം (ഒറിജിനൽ)
- ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം.

**(7) തെരഞ്ഞെടുപ്പ് രീതി**

- 18000/- രൂപ വരുമാന പരിധി കവിയാത്ത മുഴുവൻ അപേക്ഷകളും പരിഗണിക്കും.
- പിന്നോക്ക സമുദായങ്ങളിലെയും ദാരിദ്ര്യരേഖക്ക് താഴെവരുമാനമുള്ള മുന്നോക്ക സമുദായങ്ങളിലെയും കേരളത്തിൽ സ്ഥിരതാമസമാക്കിയ 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ/എയിഡഡ് ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി. ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരുമായ പെൺകുട്ടികളെ പരിഗണിക്കും.

**(8) അവസാന തീയതികൾ**

- ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി **20.12.2016** .
- രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തിയതി **20.12.2016** .
- സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധന കഴിഞ്ഞ് ഓൺലൈന് വഴി അപേക്ഷകൾ അംഗീകരിക്കേണ്ട തിയതി **20.12.2016** .

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

5/12/16